# വ്യാഴത്തിന്റെ രാശി സംക്രമവും ആഗോളപരിവർത്തനങ്ങളും ഒരു ജ്യോതിഷ വിശകലനം



ജ്യോത്സ്യൻ തെങ്കര സുബ്രഹ്മണ്യൻ
മമ്മിയൂർ, ഗുരുവായൂർ
ഫോൺ : 9447840774

സൂര്യനിൽ നിന്ന് അഞ്ചാമത്തേതും, സൌരയൂഥത്തിലെ ഏറ്റവും വലിയ ഗ്രഹവുമാണ് വ്യാഴം. എന്നാൽ ജ്യോതിഷ പ്രകാരം സർവ്വേശ്വരകാരകനും, നവഗ്രഹങ്ങളിൽ വെച്ച്  ഏറ്റവും പ്രാധാന്യം കൽപ്പിക്കുന്നതും വ്യാഴത്തിനാണ്. ദേവഗുരുവും, സകലജീവജാലങ്ങളുടെയും പ്രത്യേകിച്ച് മനുഷ്യരാശിയുടേയും, രാജ്യങ്ങളുടേയും, ഉയർച്ചതാഴ്ചകളിലും ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഗ്രഹവും വ്യാഴമാണ്.

ഇപ്പോൾ വ്യാഴം നിൽക്കുന്നത് മിഥുനം രാശിയിലാണ്. 2026 ജൂൺ 2 നു വ്യാഴം കർക്കിടകം രാശിയിലേക്കു പ്രവേശിക്കും. വ്യാഴം ദേവഗുരുവായ ബൃഹസ്പതിയാണ്. അജ്ഞാനത്തെ അകറ്റി ജ്ഞാനപ്രകാശത്തെ തരുന്നവനാണ് ഗുരു അതുപോലെ ലോകത്തിനു മുഴുവൻ ഗുരുതുല്യനായി പ്രകാശിക്കുന്ന ഗ്രഹമാണ് വ്യാഴം. മറ്റേതു ഗ്രഹങ്ങളും അനിഷ്ടഭാവത്തിലിരുന്നാലും വ്യാഴത്തിന്റെ ദൃഷ്ടിമാത്രം മതി അതിനെ പരിഹരിക്കാൻ. അത്രയും പ്രാധാന്യമാണ് ജ്യോതിഷത്തിൽ നവഗ്രഹങ്ങളിൽ വ്യാഴത്തിനുള്ളത്.

ഇപ്പോൾ വ്യാഴത്തിന്റെ സഞ്ചാര പഥം ശത്രുക്ഷേത്രമായ ബുധ ക്ഷേത്രത്തിലാണ്. ഈ സഞ്ചാരകാലം ലോകത്തിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ച് 'വേദസ്യ ചക്ഷു' എന്ന് വിശേഷിപ്പിക്കുന്ന ജ്യോതിഷത്തിന്റെ കണ്ണിലൂടെ ഒന്ന് വായിച്ചെടുക്കാൻ ഒരു എളിയ ശ്രമമാണ് നടത്തുന്നത്.

വ്യാഴത്തിന്റെ ഈ സഞ്ചാരകാലത്തിനിടയിൽ മാർച്ച് 3 നു വരുന്ന ചന്ദ്രഗ്രഹണവും,  ഏപ്രിൽ 2 നു ശേഷമുള്ള കുജശനി യോഗവും, ഫെബ്രുവരി 23 ന് ഉള്ള ചൊവ്വയുടെ മകരം രാശിയിൽ നിന്നും കുംഭം രാശിയിലേക്കും, ഏപ്രിൽ 2ന് മീനം രാശിയിലേക്കുമുള്ള മാറ്റവും, ഏപ്രിൽ 14 ന് സൂര്യൻ, ചൊവ്വ, ശുക്രൻ, ശനി എന്നീ ഗ്രഹങ്ങൾ മീനം രാശിയിൽ ഒരുമിച്ചുവരുന്നതിനാലും ലോകത്തിന്റെ സമ്പത്ഘടനയിലും, രാജ്യങ്ങൾ തമ്മിൽ പരസ്പര കലഹത്തിനും, പ്രത്യേകിച്ച് മറ്റു രാജ്യങ്ങളിൽ അരാജകത്വം, അനീതി, അധർമ്മം എന്നിവ വർദ്ധിക്കുവാനും ഇടവരുത്തും. എന്നാൽ സാമ്പത്തികമായും, സൈനിക ശേഷിയിലും ഉന്നത ശ്രേണിയിൽ നിൽക്കുന്ന രാജ്യങ്ങളായ അമേരിക്ക, റഷ്യ, ചൈന ഇന്ത്യ, ജപ്പാൻ എന്നീ രാജ്യങ്ങളിൽ സംഘർഷങ്ങൾ വർദ്ധിക്കുകയും, ഒരു മൂന്നാം ലോകമഹായുദ്ധത്തിലേക്ക് ലോകത്തെ തള്ളിവിടാനും ഈ സമയം സാദ്ധ്യത കാണുന്നു. ഏപ്രിൽ 2ന് ചൊവ്വ കുംഭം രാശിയിൽ പ്രവേശിച്ചതിനു ശേഷം ഈ സമയത്ത് ചൈനയുടെ ചിരകാല അഭിലാഷമായ തായ്‌വാനെ ചൈനയോടു ചേർക്കുവാനായുള്ള ശ്രമം ഉണ്ടാകുകയും, ഒരു ഭാഗത്ത് ചൈന റഷ്യ, ഉത്തരകൊറിയ എന്നീ രാജ്യങ്ങളും മറുപക്ഷത്ത് അമേരിക്കയുടെ നേതൃത്വത്തിൽ സഖ്യരാജ്യങ്ങളും അണിനിരക്കുകയും, സംഘർഷം ഉടലെടുക്കുകയും, സംഘർത്തിനൊടുവിൽ തായ്‌വാൻ ചൈനയോടു ചേർക്കാനും സാദ്ധ്യത കാണുന്നു. ഇതിൽ ഇരുപക്ഷത്തിനും നാശങ്ങൾ വരാനും ഗ്രഹനില വെച്ച് സാദ്ധ്യത കാണുന്നുണ്ട്. പരസ്പര കലഹങ്ങൾക്ക് ആക്കം കൂട്ടുന്ന ഗ്രഹങ്ങളാണ് ചൊവ്വയും ശനിയും. ശനി ഇപ്പോൾ നിൽക്കുന്നത് പ്രളയ രാശിയായ മീനത്തിലാണ്. ചൊവ്വ നിൽക്കുന്നത് ശനിക്ഷേത്രമായ മകരം രാശിയിലുമാണ്. ചൊവ്വമകരം രാശിയിൽ ആണ് നിൽക്കുന്നതെങ്കിലും അത്  ലോകത്തിന് അത്ര ശുഭകരമല്ല. കാരണം മകരം രാശി ജലവും ഭൂമിയും കൂടി ചേർന്ന രാശിയായതിനാൽ ഇപ്രകാരം സമുദ്രം അതിർത്തിയായി വരുന്ന രാജ്യങ്ങളിൽ പ്രത്യേകിച്ച് മിഡിൽ ഈസ്റ്റ് രാജ്യങ്ങളായ ഇറാൻ, ഇറാഖ് സൌദി അറേബ്യ, UAE, ഖത്തർ, കുവൈത്ത്, ഒമാൻ, ബഹറിൻ യമൻ, ഇസ്രായേൽ, സിറിയ, പലസ്തീൻ എന്നിവർ തമ്മിൽ പരസ്പര സംഘർഷവും, പ്രത്യകിച്ച് ശനിക്ഷേത്രമാകയാൽ പെട്രോളിയം ഉൽപന്നങ്ങൾ ധാരാളമായി കുഴിച്ചെടുക്കുന്ന രാജ്യങ്ങളെ കീഴടക്കി സ്വന്തം രാജ്യത്തിന്റെ സമ്പൽ ഘടന ഉയർത്താനായി തെറ്റായ കാര്യങ്ങൾ പറഞ്ഞ് ആക്രമിച്ച് കീഴടക്കുന്നതിന്നുള്ള ശ്രമങ്ങൾ ഈ സമയത്തു തന്നെ ഉദയം ചെയ്യും. ജനുവരി 16 മുതൽ ഫിബ്രുവരി 23 വരെയുള്ള കാലയളവിൽ ഇറാനും അമേരിക്കയും തമ്മിൽ നേരിട്ടുള്ള ഒരു സംഘർഷത്തിന് സാദ്ധ്യത കാണുന്നു .ഇതിൽ റഷ്യ, ചൈന ഇസ്രയേൽ എന്നിവർ ഇരുപക്ഷങ്ങളിലും ചേരിതിരിഞ്ഞ് നിൽക്കുന്നതിന്നും ഇടവരുത്തും.ലോകത്തു സൈനികമായി ആദ്യത്തെ മൂന്നു സ്ഥാനങ്ങളിൽ നിൽക്കുന്ന രാജ്യങ്ങളായഅമേരിക്ക, റഷ്യ ചൈന, കൂടാതെ ഉത്തരകൊറിയ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങൾ തമ്മിൽ ഇതിന്റെ പേരിൽ പരസ്പര സ്പർദ്ധയും, യുദ്ധസമാനമായ അന്തരീക്ഷവും ഉടലെടുക്കുകയും, ഒരു ഭാഗത്ത് റഷ്യ, ചൈന, ഉത്തര കൊറിയ, ഇറാൻ എന്നീ രാജ്യങ്ങളും മറുചേരിയിൽ അമേരിക്ക, ബ്രിട്ടൻ, ജപ്പാൻ കൂടാതെ മറ്റു ചില നാറ്റോ രാജ്യങ്ങളും ചേരിതിരിഞ്ഞ് യുദ്ധസമാനമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുകയും, അത് മൂന്നാം ലോകമഹായുദ്ധത്തിലേക്ക് വഴിതുറക്കപ്പെടാനും ഈ സമയത്ത് സാദ്ധ്യതകൾ കാണുന്നു. ഇതിന്റെ ഫലമായി പെട്രോളിയം ഉൽപന്ന ങ്ങൾക്ക് ഡിമാൻഡ് കൂടുകയും



സാധനങ്ങളുടെ വില ക്രമാതീതമായി വർധിക്കുന്നതിന്റെ ഫലമായി ജനങ്ങൾ പൊറുതിമുട്ടുകയും ചെയ്യും.

എന്നാൽ വ്യാഴത്തിന്റെ ഈ സ്ഥിതി ഭാരതത്തിൽ ചില താൽക്കാലിക പ്രശ്നങ്ങൾ ഉണ്ടാക്കാമെങ്കിലും അത് ഭാരതത്തെ അത്രമാത്രം ബാധിക്കാനിടയില്ല. കാരണം വ്യാഴത്തിനു പറഞ്ഞ കർമ്മങ്ങളായ വൈദിക കർമ്മങ്ങൾ, യാഗയജ്ഞാദികൾ തുടങ്ങിയ നിരവധി സൽകർമ്മങ്ങൾ ഭാരതത്തിൽ ക്ഷേത്രങ്ങളിലും ഗൃഹങ്ങളിലും അനുഷ്ഠിക്കുന്നതിന്റെ പുണ്യ ഫലമായും, സനാതന ധർമ്മാചരണത്തിന്റെ ശക്തികൊണ്ടുമാണ് ഭാരതത്തെ ഒരു പരിധിവിട്ട് ബാധിക്കാൻ ഇടയില്ലെന്ന് പറയുന്നത്. എന്നാൽ ഈ സമയം പാക്കിസ്ഥാനുമായും, ബംഗ്ലാദേശുമായും ചെറിയ തോതിലുള്ള സംഘർഷങ്ങൾക്ക് ഭാരതത്തിന് സാദ്ധ്യതകാണുന്നു. ജ്യോതിഷ പ്രകാരം ഭാരതത്തെ ചിന്തിക്കേണ്ടത് വ്യാഴത്തെ കൊണ്ടാണ്. കാരണം ഭാരതം നിരവധി പുണ്യക്ഷേത്രങ്ങളുടെ സങ്കേതമായതിനാൽ ഒരു പുണ്യക്ഷേത്രവും, പുണ്യ ഭൂമിയുമാണ്. അതുകൊണ്ട് വ്യാഴത്തിന്റെ സഞ്ചാര പഥത്തിലുണ്ടാകുന്ന ദോഷാധിക്യം ഭാരതത്തെ വിപരീതമായി ബാധിക്കാനിടയില്ല. കൂടാതെ അഖണ്ഡസാമ്രാജ്യ യോഗമുള്ള ഭരണാധികാരി ഭാരതത്തെ നയിക്കുന്നതുകൊണ്ട് ഭാരതത്തിൽ നിന്നും വിട്ടുപോയ പല സ്ഥലങ്ങളും ഈ സമയത്ത് തിരിച്ച് വരാനുമുള്ള യോഗം വ്യാഴത്തെ കൊണ്ടു പറയാം. വ്യാഴം ജ്ഞാനത്തിന്റെ ഉറവിടമായതിനാൽ മറ്റു രാജ്യങ്ങൾ ഏതു കാര്യങ്ങളിലും ഭാരതത്തിന്റെ ഭരണാധികാരിയുടെ വാക്കുകൾക്ക് പ്രാധാന്യം കൽപിക്കുകയും, ഭാരതം രണ്ടര വർഷത്തിനുള്ളിൽ ലോകത്തിലെ അനിഷേധ്യ രാജ്യമായി മാറുകയും ചെയ്യും എന്നു കാണുന്നു. ബുധക്ഷേത്രത്തിൽ വ്യാഴം നിൽക്കുന്നതിനാൽ ലോകത്ത് പരസ്പരം രാജ്യങ്ങൾ തമ്മിൽ പാലിക്കേണ്ട രാജ്യാന്തരനിയമങ്ങൾ പാലിക്കാതെ വരികയും തൽഫലമായി വലിയ രാജ്യങ്ങൾ അവരുടെ ഇഷ്ടാനുസരണം രാജ്യാന്തര നിയമങ്ങളെ മാറ്റി മറിക്കുകയും ഒന്ന് മറ്റൊന്നിനെ കീഴടക്കുന്ന തരത്തിലേക്ക് മാറുകയും അത് ലോകത്തിനെ വലിയ സംഘർഷങ്ങളിലേക്ക് വലിച്ചിഴക്കുകയും ചെയ്യും. ഈ സംഘർത്തിലേക്കുള്ള ചുവടു വെയ്പ്  അമേരിക്കയിൽ നിന്നും തന്നെയാണ് ഉണ്ടാവുക.

വ്യാഴം ഉച്ചക്ഷേത്രത്തിലേക്ക്പോകുന്ന ഈ കാലം വിദേശനിക്ഷേപങ്ങൾ ധാരാളമായി ഭാരതത്തിലേക്ക് വരികയും, വ്യാഴത്തിന്റെ ലോഹമായ സ്വർണത്തിന്റെ മൂല്യം അനുദിനം വർദ്ധിക്കുകയും ചെയ്യും. കാരണം വ്യാഴത്തെ കൊണ്ടാണ് സ്വർണ്ണവും നിക്ഷേപങ്ങളും ചിന്തിക്കുന്നത്. ചൊവ്വ മാറുന്ന 2026 ജനുവരി 16 മുതൽ മെയ് മാസം 11 വരെയാണ് ലോകത്ത് മേൽ പറഞ്ഞ യുദ്ധസമാനമായ സംഘർഷങ്ങൾ സംഭവിക്കാൻ സാദ്ധ്യതയുള്ള സമയം. ശനിയെക്കൊണ്ട് ആകാശമാർഗ്ഗമുള്ള യുദ്ധവും, ചൊവ്വയെകൊണ്ട് കരമാർഗ്ഗമുള്ള യുദ്ധവും, ശുക്രനെകൊണ്ട് ജലമാർഗ്ഗമുള്ള യുദ്ധവും പറയാം. മാർച്ച് 2 മുതൽ ഏപ്രിൽ 16 വരെയുള്ള സമയമാണ് ഇതിനു കൂടുതൽ സാദ്ധ്യത കൽപ്പിക്കുന്നത്. ഇങ്ങിനെയൊക്കെയാണെങ്കിലും ലോക സമാധാനത്തിനു വേണ്ടിയുള്ള ഭാരതത്തിന്റെ ഇടപെടൽ ലോകത്ത് സമാധാനം പുന:സ്ഥാപിക്കാൻ ഇടവരുമെന്നും കാണുന്നുണ്ട്. കാരണം ഭാരതം എന്നും ധർമ്മത്തിന്റെ പക്ഷത്തു നിന്നു കൊണ്ടു മാത്രമെ മുന്നോട്ടു പോയിട്ടുള്ളു. എന്നാൽ ഭാരതത്തിന്റെ സഹനം കണ്ട് ആരും ഭാരതത്തെ ചെറുതായി കാണേണ്ടതില്ല കാരണം ധർമ്മ സംസ്ഥാപനാർത്ഥം ആയുധമെടുത്ത നിരവധി പുത്രന്മാർക്ക് ജന്മം കൊടുത്ത നാടാണ് ഭാരതം.ആരക്തം തന്നെയാണ് ഓരോ ഭാരതീയന്റെ സിരകളിലും ഇന്നും ഒഴുകിക്കൊണ്ടിരിക്കുന്നത്.

ലോകാ സമസ്താ സുഖിനോ ഭവന്തു ഇതു തന്നെയാണ് ഭാരതത്തിന്റെ ആപ്തവാക്യം ■

## ലോകക്രമത്തിന്റെ മാറ്റവും ഭാരതത്തിന്റെ ഉദയവും തെങ്കര സുബ്രഹ്മണ്യന്റെ നിരീക്ഷണങ്ങൾ

ജ്യോത്സ്യൻ തെങ്കര സുബ്രഹ്മണ്യൻ എഴുതിയ ഈ ലേഖനം കേവലം ഒരു പ്രവചനത്തിനപ്പുറം, ആഗോള രാഷ്ട്രീയത്തെയും സാമ്പത്തിക ശാസ്ത്രത്തെയും ജ്യോതിഷത്തിന്റെ കണ്ണാടിയിലൂടെ നോക്കിക്കാണുന്ന ഗഹനമായ ഒരു പഠനമാണ്. ഭാരതീയ ജ്യോതിഷത്തിന്റെ കൃത്യതയും ദീർഘവീക്ഷണവും ഈ കുറിപ്പിൽ നിഴലിക്കുന്നു.

വ്യാഴത്തെ (ബൃഹസ്പതി) വെറുമൊരു ഗ്രഹമായല്ല, മറിച്ച് 'ജ്ഞാനപ്രകാശ'ത്തിന്റെ ഉറവിടമായാണ് ലേഖകൻ അവതരിപ്പിക്കുന്നത്. 'വേദസ്യ ചക്ഷു' (വേദങ്ങളുടെ കണ്ണ്) എന്ന ജ്യോതിഷത്തിന്റെ നിർവചനത്തെ അന്വർത്ഥമാക്കുന്ന രീതിയിൽ, ലോകസംഭവങ്ങളെ ഗ്രഹഗതികളുമായി അദ്ദേഹം കോർത്തിണക്കിയിരിക്കുന്നു.

സമകാലിക ലോകക്രമത്തിൽ വലിയ ചർച്ചയാകുന്ന തായ്‌വാൻ പ്രശ്നം, മിഡിൽ ഈസ്റ്റിലെ സംഘർഷങ്ങൾ, റഷ്യ-അമേരിക്ക ചേരിതിരിവുകൾ എന്നിവയെ ഗ്രഹങ്ങളുടെ രാശിമാറ്റവുമായി ബന്ധിപ്പിച്ചത് ശ്രദ്ധേയമാണ്. ചൊവ്വയും ശനിയും തമ്മിലുള്ള യോഗം എങ്ങനെ വിനാശകരമായ യുദ്ധസാഹചര്യങ്ങളിലേക്ക് (മൂന്നാം ലോകമഹായുദ്ധം) നയിക്കാം എന്ന നിരീക്ഷണം വായനക്കാരിൽ ജാഗ്രതയുണർത്തുന്നു.

ലോകം യുദ്ധഭീതിയിൽ നിൽക്കുമ്പോഴും, സനാതന ധർമ്മത്തിന്റെയും വൈദിക കർമ്മങ്ങളുടെയും പുണ്യം ഭാരതത്തിന് ഒരു രക്ഷാകവചമാകുമെന്ന് ലേഖകൻ സമർത്ഥിക്കുന്നു. 'അഖണ്ഡസാമ്രാജ്യ യോഗമുള്ള' ഒരു ഭരണാധികാരിയുടെ കീഴിൽ ഭാരതം ലോകഗുരുവാകുമെന്ന നിരീക്ഷണം ദേശീയ അഭിമാനം ഉണർത്തുന്നതാണ്.

അതീവ സങ്കീർണ്ണമായ ഗ്രഹനിലകളെ ലളിതവും എന്നാൽ ഗാംഭീര്യവുമുള്ള ഭാഷയിൽ അവതരിപ്പിക്കാൻ തെങ്കര സുബ്രഹ്മണ്യന് സാധിച്ചിട്ടുണ്ട്. സ്വർണ്ണവില വർദ്ധനവ് പോലുള്ള പ്രായോഗിക കാര്യങ്ങൾ തൊട്ട് ആത്മീയമായ 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്ന പ്രാർത്ഥന വരെ ഇതിൽ ഉൾച്ചേർന്നിരിക്കുന്നു.

സംഗ്രഹം: കാലത്തിന്റെ ഗതിവിഗതികളെ മുൻകൂട്ടി കാണാനും, ലോകം നേരിടാൻ പോകുന്ന പ്രതിസന്ധികൾക്കിടയിലും ഭാരതീയ ജ്ഞാനത്തിന്റെ പ്രകാശത്തിലൂടെ സമാധാനത്തിന്റെ സന്ദേശം നൽകാനും ഈ ലേഖനത്തിന് സാധിക്കുന്നു. ജ്യോതിഷം വെറുമൊരു വിശ്വാസമല്ല, മറിച്ച് പ്രപഞ്ച ചലനങ്ങളെ മുൻകൂട്ടി അറിയാനുള്ള ശാസ്ത്രമാണെന്ന് ഇത് വീണ്ടും തെളിയിക്കുന്നു.

-എഡിറ്റർ ■